## പതിമൂന്നാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2404 19.03.2015-ൽ മറുപടിക്ക്**

## താനൂർ സി.എച്ച്.സി-യിൽ ഗൈനക്കോളജിസ്റ്റിന്റേയും പീഡിയാട്രീഷ്യന്റേയും നിയമനം

| ചോദ്യം | മറുപടി |
| --- | --- |
| **ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി** | **ശ്രീ.വി.എസ്.ശിവകുമാർ**<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) താനൂർ തീരദേശത്തെ ഏക ഗവൺമെന്റ് ആതുരാലയമാണ് താനൂർ സി.എച്ച്.സി എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) മത്സ്യത്തൊഴിലാളികളായ സ്ത്രീകളും കുട്ടികളുമാണ് ഈ ആശുപത്രിയെ ആശ്രയിക്കുന്നതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) പ്രസ്തുത ആതുരാലയത്തിൽ ഒരു ഗൈനക്കോളജിസ്റ്റിന്റേയും ഒരു പീഡിയാട്രീഷ്യന്റെയും തസ്തിക സൃഷ്ടിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ഡി) എങ്കിൽ പ്രസ്തുത ആവശ്യത്തിന്മേൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ? | (ഡി) തിരൂർ ജില്ലാ ആശുപത്രിയിൽ നിന്നും ഒരു ഗൈനക്കോളജിസ്റ്റിനെ സ്റ്റോപ് ഗ്യാപ് അറേഞ്ച്മെന്റിൽ താനൂർ സി.എച്ച്.സി-യിൽ നിയമിച്ചിട്ടുണ്ട്. ഇവിടെയുള്ള 5 അസിസ്റ്റന്റ് സർജൻമാരിൽ 2 പേർ പീഡിയാട്രീഷ്യൻമാരാണ്. സർക്കാർ ഉത്തരവ് നം.1669/14/ ആകുവ തീയതി 26.05.2014, സർക്കാർ |

ഉത്തരവ് നം.4/2015/ആകുവ തീയതി 01.01.2015 എന്നിവ പ്രകാരം സ്പെഷ്യാലിറ്റി യൂണിറ്റുകളോടുകൂടിയ (ഗൈനക്കോളജി, പീഡിയാട്രിക്സ്) ചികിത്സാ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് തെരഞ്ഞെടുക്കപ്പെട്ട സ്ഥാപനങ്ങളിൽ താനൂർ സി.എച്ച്.സിയേയും ഉൾപ്പെടുത്തിയിട്ടുണ്ട്. അതനുസരിച്ചുള്ള പ്രൊപ്പോസൽ നിർദ്ദിഷ്ട പ്രഫോർമയിൽ സമർപ്പിക്കുവാൻ ജില്ലാ മെഡിക്കൽ ഓഫീസറോട് ആരോഗ്യ വകുപ്പ് ഡയറക്ടർ ആവശ്യപ്പെട്ടിരിക്കുകയാണ്.

സെക്ഷൻ ഓഫീസർ